പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3531 12/12/2014 - ൽ മറുപടിക്ക്

പക്ഷിപ്പനിയും ആശങ്കകളും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പക്ഷിപ്പനി മൂലം ഉണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | രോഗം റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി.മീ ദൂരപരിധിക്കുള്ളിലെ രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെ കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തി. നഷ്ടപ്പെട്ട പക്ഷികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി. കർഷകരുടെ ആശങ്ക അകറ്റി അവരെ വീണ്ടും താറാവു കൃഷിയിലേയ്ക്ക് മടക്കി കൊണ്ടു വരുന്നതിനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. |
| ബി) ഇതുമൂലം താറാവ് , കോഴി കർഷകർക്ക് ഉണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | പക്ഷിപ്പനി മൂലം നഷ്ടപ്പെട്ട പക്ഷികൾക്ക് 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| സി) ഈ രോഗത്തിനെ നേരിടുന്നതിനുള്ള മരുന്നുകൾ ആവശ്യത്തിന് അനുവദിക്കുമോ? | സി) | രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകൾ ആരോഗ്യ വകുപ്പ് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ